ഖുത്ബ
29.10.2004
ബയ്ത്തുൽ ഫുത്തൂഹ്,
ലണ്ടൻ.

بسم الله الرحمن الرحيم

# ഇഅ്തിക്കാഫിന്റെ പ്രസക്തി; ലയ്ലത്തുൽ ഖദ്ർ എന്ന മഹത്തായ അനുഗ്രഹം.

**അ**ൽഹംദുലില്ലാഹ്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ റമസാന്റെ പകുതി ഏകദേശം കഴിഞ്ഞിരിക്കുകയാണ്. അടുത്ത വ്യാഴാഴ്ച മുതൽ ഇൻശാ അല്ലാഹ് അവസാനത്തെ പത്ത് ആരംഭിക്കുന്നതാണ്. ഈ അവസാനത്തെ പത്തിൽ പൊതുവെ പള്ളികളുടെ ശോഭ വർധിക്കാറുണ്ട്. പക്ഷേ, ഞാൻ പല പ്രാവശ്യവും പറഞ്ഞുവന്നതുപോലെ നമ്മൾ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു ജനതയാണ്. നമ്മുടെ സന്തോഷങ്ങൾ ശാശ്വതമായ സന്തോഷങ്ങളെന്ന് പറയുവാൻ കഴിയുന്നത്, അല്ലെങ്കിൽ ഏതെങ്കിലും നന്മകൾ കണ്ടുകൊണ്ട് ഹൃദയംഗമമായ സന്തോഷം നമുക്കുണ്ടാകുന്നത്, ആ നന്മ ശാശ്വതവും എന്നെന്നും നിലനില്ക്കുന്നതുമാകുമ്പോഴാണ്. ഇന്നു കാണുന്ന ഈ ആവേശവും ഉത്സാഹവും എന്നെന്നും കാണുമ്പോഴാണ്. എന്തായാലും അടുത്ത ജുമുഅയോടെ ഇൻശാഅല്ലാഹ് റമസാനിലെ അവസാനത്തെ പത്ത് തുടങ്ങുമെന്നാണ് ഞാൻ പറഞ്ഞുവന്നത്; എന്നല്ല വ്യാഴാഴ്ച മുതൽ. ഇതിൽ പൊതുവെ പള്ളികളിൽ ഉത്സാഹവും ആവേശവും ഭംഗിയും ഹാജർനിലയും കൂടുതൽ വർധിക്കുന്നു. അതിന് ഒരുപാട് കാരണങ്ങളുമുണ്ട്. അവസാനത്തെ പത്താണ്, ഇതിൽ ദുആയ്ക്ക് ഫലമെടുക്കാമെന്ന വിചാരം ഓരോരുത്തർക്കുമുണ്ടാകുന്നു എന്നതാണ് അതിലൊന്ന്. ഈ അവസാനത്തെ പത്തിൽ ലയ്ലത്തുൽ ഖദ്ർ ഉണ്ടാകുമെന്ന് നബി (സ) സുവാർത്ത അറിയിച്ചിരിക്കുന്നു, അതു കരസ്ഥമാക്കുന്നതിനുവേണ്ടിയും അതിന്റെ അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കുന്നതിനുവേണ്ടിയും റമസാൻ മാസത്തിൽ ശ്രദ്ധിക്കുന്നുവെന്നതാണ് മറ്റൊന്ന്. റമസാനിൽ എന്തായാലും എഴുന്നേല്ക്കുന്നുണ്ടാകും. ഈ ദിനങ്ങളിൽ പ്രത്യേകിച്ച് തഹജ്ജുദ് നമസ്കരിക്കാൻ എഴുന്നേല്ക്കുകയും, നഫ്ലുകൾ നിർവഹിക്കുകയും ചെയ്യുന്നു. കൂടാതെ, ഈ അനുഗ്രഹം കാരണത്താൽ പള്ളിയിലേക്കും വരുന്നു. ഈ ദിനങ്ങളിൽ വലിയ പള്ളികളിൽ ഭംഗി കൂടുന്നതിനുള്ള ഒരു കാരണം ഈ അവസാനത്തെ പത്തിൽ ഇഅ്തിക്കാഫ് ഇരിക്കുന്നു എന്നതുകൊണ്ടാണ്. ചുരുക്കത്തിൽ, പള്ളികളിൽ സാധാരണ കുറച്ചുമാത്രം കാണുന്ന ആളുകൾ, ജുമുഅയ്ക്ക് മാത്രം വരുന്നവർ, അല്ലെങ്കിൽ പെരുന്നാളിനുമാത്രം വരുന്നവർ, അവരിലും അധികം പേരും അത്യുത്സാഹത്തോടെ ഈ ദിനങ്ങളിൽ പള്ളിയിൽ വരാറുണ്ട്. എന്നാൽ, ഞാൻ പറഞ്ഞതുപോലെ, സത്യവിശ്വാസികളുടെ ജമാഅത്തിൽ നന്മയിൽ മുൻകടക്കുന്നതിനുള്ള ഓട്ടവും അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശ്രമവും താൽക്കാലികമാകാൻ പാടില്ല. നന്മകൾ ചെയ്യാൻ തൗഫീഖ് കിട്ടിയിട്ടുള്ള ഓരോരുത്തരും ആ നന്മകളും അധ്വാനങ്ങളും തുടർന്നുകൊണ്ടുപോകാനും ദുആ ഇരക്കാനും പരിശ്രമിക്കേണ്ടതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: "റമസാൻ മാസത്തിന്റെ ആദ്യത്തെ പത്ത് കാരുണ്യത്തിന്റേതാണ്. രണ്ടാമത്തെ പത്ത് മഗ്ഫിറത്തിന് (പൊറുക്കലിന്) കാരണമാണ്. അവസാനത്തെ പത്ത് നരകത്തിൽനിന്ന് മോചനം നല്കുന്നതാണ്."

കാരുണ്യം കരസ്ഥമാക്കേണ്ട ആദ്യത്തെ പത്തു ദിവസം കഴിഞ്ഞു കടന്നു. രണ്ടാമത്തെ പത്ത് മഗ്ഫിറത്തിന്റേതാണ്. ഇതിൽ അല്ലാഹു തന്നിലേക്ക് വരുന്നവരെ മഗ്ഫിറത്തിന്റെ പുതപ്പിൽ പൊതിയുന്നു. അതുകൊണ്ടു ഓരോരുത്തരും അല്ലാഹുവിന്റെ മഗ്ഫിറത്തിന്റെ പുതപ്പിൽ പൊതിയപ്പെടാൻ, പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ അതിരറ്റ അനുഗ്രഹം ഉണ്ടായിരിക്കുന്നു. ഈ വർഷം റമസാന്റെ അനുഗ്രഹങ്ങളിൽ നിന്നും ഫലമെടുക്കാൻ വീണ്ടും നമുക്ക് അവസരം കിട്ടിയിരിക്കുന്നു. നമ്മൾ രണ്ടാമത്തെ പത്തിലൂടെ കടന്നുപോകുന്നു എന്നത് അവന്റെ അനുഗ്രഹവും കാരുണ്യവും, അവന്റെ തന്നെ പാരിതോഷികവുമാണ്. ഇതിൽ എത്രമാത്രം കൂടുതൽ ആരാധനകൾ നടത്തുകയും, അവന്റെ മുമ്പിൽ കുനിയുകയും അവനോടു പൊറുക്കലിനെ തേടിക്കൊണ്ട്, അവൻ പറഞ്ഞ വഴിയിലൂടെ നടക്കാൻ പരിശ്രമിക്കുകയും അവന്റെ അടിയാറുകളോടുള്ള കടമ നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്നുവോ അത്രയധികം അവന്റെ പൊറുക്കൽ നമ്മെ പൊതിഞ്ഞുകൊണ്ടേ പോകും. എത്രയുമധികം നാം നന്മയിൽ നിലനിന്നുകൊണ്ടുപോകുമോ അത്രയുമധികം നന്മയിൽ നിലനില്ക്കുന്നതിനുവേണ്ടി അല്ലാഹു നമ്മെ സഹായിച്ചു കൊണ്ടേപോകും. എത്രയുമധികം നമുക്ക് നന്മയിൽ നിലനില്ക്കാനുള്ള ശക്തി

ലഭിക്കുമോ, അല്ലാഹുവിന്റെ സഹായം ആഗ്രഹിച്ചും, അവന്റെ മഗ്ഫിറത്ത് തേടിയും നാം അവസാനത്തെ പത്തിൽ പ്രവേശിക്കുമോ, അതു നിങ്ങളെ നരകത്തിൽനിന്ന് രക്ഷിക്കുന്നതിന് കാരണമാകും എന്നു പറഞ്ഞിരിക്കുന്നു. നിങ്ങൾ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതും ഇക്കാരണത്താൽ തുടർന്നുള്ള കാലങ്ങളിൽ നന്മകളിൽ അഭിവൃദ്ധിപ്പെടുന്നവരും തിന്മകളെ ഉപേക്ഷിക്കുന്നവരുമായിത്തീരുന്നതാണ്; സദുദ്ദേശ്യത്തോടെ പൊറുക്കലിനെ തേടണമെന്നു മാത്രം.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "ഇസ്തിഗ്ഫാർ, തൗബ എന്നിവ രണ്ടു കാര്യങ്ങളാണ്. ഒരു തരത്തിൽ ഇസ്തിഗ്ഫാറിന് തൗബയുടെ മേൽ മുൻഗണനയുണ്ട്. അതായത് ഇസ്തിഗ്ഫാർ തൗബയേക്കാൾ ഉന്നതമാണ്. ആദ്യമാണ്. കാരണം ഇസ്തിഗ്ഫാർ സഹായവും ശക്തിയുമാണ്. അത് അല്ലാഹുവിൽ നിന്നാണ് കരസ്ഥമാക്കുന്നത്. തൗബ സ്വന്തം കാലിൽ നില്ക്കലാണ്. അല്ലാഹുവിൽനിന്ന് സഹായം തേടുമ്പോൾ അല്ലാഹു ഒരു ശക്തി നല്കുമെന്നതാണ് അവന്റെ നടപടി ക്രമം. ആ ശക്തിക്കു ശേഷം മനുഷ്യൻ തന്റെ സ്വന്തം കാലിൽ നില്ക്കുന്നതാണ്. നന്മകൾ ചെയ്യാൻ അവനിൽ ഒരു ശക്തിയുണ്ടാകും. അതിന്റെ പേരാണ് '*തൂബു ഇലയ്ഹി.*' അതുകൊണ്ട് സ്വാഭാവികമായും ഇതേ ക്രമം തന്നെയാണുള്ളത്. ചുരുക്കത്തിൽ, ഇതിലൊരു രീതിയുണ്ട്. അത് ആത്മീയ വഴിയിൽ പ്രയാണം ചെയ്യുന്നവർക്കു വെച്ചിരിക്കുന്നു. അവർ എല്ലാ അവസ്ഥകളിലും അല്ലാഹുവിനോട് സഹായം തേടുന്നു. അല്ലാഹുവിൽനിന്ന് ശക്തി കരസ്ഥമാക്കാത്തിടത്തോളം സാലിക്കിന് (ആത്മീയ വഴിയിൽ പ്രയാണം ചെയ്യുന്നവൻ) എന്താണ് ചെയ്യാൻ കഴിയുക? ഇസ്തിഗ്ഫാറിനു ശേഷമാണ് തൗബ ചെയ്യാൻ തൗഫീഖ് കിട്ടുന്നത്. ഇസ്തിഗ്ഫാർ ഇല്ലെങ്കിൽ തൗബ ചെയ്യാനുള്ള ശക്തി മരിച്ചുപോകുന്നുവെന്ന കാര്യം ഓർമിച്ചുകൊള്ളുക. ഈ രീതിയിൽ ഇസ്തിഗ്ഫാർ ചെയ്യുകയും തൗബ ചെയ്യുകയും ചെയ്താൽ അതിന്റെ ഫലമായി '*യുമത്തിഉക്കുംമ്മത്താഅൻ ഹസനൻ ഇലാ അജലിൻമ്മുസമ്മാ*' ഒരു നിശ്ചിത അവധിവരെ നിങ്ങൾക്ക് അവൻ നല്ല സുഖസൗകര്യങ്ങൾ നല്കുന്നതാണ്. (11:4) ഇതേ രീതിയിൽ അല്ലാഹുവിന്റെ നടപടിക്രമം നടന്നുവന്നു. ഇസ്തിഗ്ഫാറും തൗബയും ചെയ്യുകയാണെങ്കിൽ, സ്വന്തം നിലകൾ പ്രാപിക്കുന്നതാണ്. ആ അഭിവൃദ്ധിയുടെ നിലകൾ കരസ്ഥമാക്കുന്ന ഓരോരുത്തർക്കും ഒരു വലയം ഉണ്ടായിരിക്കുന്നതാണ്."

ഹസ്റത്ത് മസീഹ് മൗഊദ് (അ) നമുക്കു മനസ്സിലാക്കിത്തന്ന ഇസ്തിഗ്ഫാറിന്റെ വസ്തുതയും അതിന്റെ യാഥാർത്ഥ്യവും ഇതാണ്. രണ്ടാമത്തെ പത്ത് മഗ്ഫിറത്തിന് കാരണമാണെന്ന് ഹദീസിൽ വന്നിരിക്കുന്നു. അല്ലാഹുവിനോട് ചോദിക്കുമ്പോഴാണ് മഗ്ഫിറത്ത് കിട്ടുന്നത്. ഒരിക്കൽ അല്ലാഹുവിൽ നിന്ന് മഗ്ഫിറത്ത് കിട്ടിയാൽ, പൊറുക്കലിനുള്ള സാഹചര്യമുണ്ടാകാൻ തുടങ്ങിയാൽ, അവൻ തൃപ്തനായാൽ ആ നിലയും ലഭിക്കുന്നതാണ്. അല്ലാഹുവിന്റെ സാമീപ്യവും ഓരോരുത്തർക്കും അവരവരുടെ കഴിവിനനുസരിച്ച് കിട്ടുന്നതാണ്. കാരണം ഓരോ കാര്യവും പ്രാപിക്കുന്നതിന് ഓരോരുത്തർക്കും ഓരോ ശക്തിയുണ്ട്. അതനുസരിച്ച് ഓരോരുത്തർക്കും അഭിവൃദ്ധിയുണ്ടാകുന്നു. ഇസ്തിഗ്ഫാർ ചെയ്യുന്നതു കൊണ്ടാണ് അഭിവൃദ്ധി ഉണ്ടാകുന്നത്. എന്തായാലും എല്ലാവരും ഇതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. അവസാനത്തെ പത്തിൽ ലയ്ലത്തുൽ ഖദ്ർ പ്രാപിക്കുന്നതിന് സത്യവിശ്വാസികളുടെ ആരാധനാ കർമ്മങ്ങൾക്ക് മൂർച്ച കൂടുന്നുവെന്ന് ഞാൻ പറഞ്ഞുവല്ലോ. ഹദീസിൽ വന്നതുപോലെ അവസാനത്തെ പത്ത് നരകത്തിൽ നിന്നുള്ള മോചനത്തിന് കാരണമായിത്തീരുന്നു. അങ്ങനേയും ഇബാദത്തിലേക്ക് പ്രത്യേക ശ്രദ്ധയുണ്ടാകുന്നു. അതു കരസ്ഥമാകുന്നതിനുവേണ്ടി ഓരോരുത്തരും അവരവരുടെ കഴിവും ശക്തിയുമനുസരിച്ച് ശ്രമിച്ചുകൊണ്ടുമിരിക്കുന്നു. ലയ്ലത്തുൽ ഖദ്ർ എന്ന വിഷയം വലുതും ആഴത്തിലുള്ളതുമായ ഒരു വിഷയമാണ്. ഇതിനെക്കുറിച്ച് ഞാൻ അല്പം വിശദീകരിക്കുന്നതാണ്. എന്നാൽ, ഈ പത്തിൽ ഇഅ്തിക്കാഫ് ഇരിക്കുന്നതുകൊണ്ട് അതിനുമുമ്പേ ആ ഇഅ്തിക്കാഫിനെക്കുറിച്ച് ചിലകാര്യങ്ങൾ പറയട്ടെ. അതിന്റെ മസ്അലകളെക്കുറിച്ചും, അതിനുള്ള ഏർപ്പാടുകളെക്കുറിച്ചുമാണ് ചിലകാര്യങ്ങൾ പറയാനുള്ളത്. ഇഅ്തിക്കാഫ് ഇരിക്കുന്നവർക്കുവേണ്ടിയാണ് ചിലത്. ചിലത് മറ്റുള്ളവർക്കുവേണ്ടിയാണ്. ഓരോ അഹ്മദിയും ഇതു ശ്രദ്ധിക്കേണ്ടതാണ്. ഇഅ്തിക്കാഫ് റമസാനിലെ ഒരു നഫ്ലീ (ഐച്ഛികമായ) ആരാധനയാണെന്ന് ഒന്നാമതായി മനസ്സിലാക്കുക. അതുകൊണ്ട് സ്ഥലത്തിന്റെ പരിമിതി അനുസരിച്ച്, കേന്ദ്ര പള്ളികളിൽ ഇഅ്തിക്കാഫിരിക്കാൻ അനുവാദം കൊടുക്കുന്നു. അല്ലെങ്കിൽ, ഏതു പള്ളികളിലാണെങ്കിലും ഇങ്ങനെ തന്നെയാണ്. തീർച്ചയായും ഇഅ്തിക്കാഫിരിക്കണമെന്ന് പറഞ്ഞ് ചിലർ സമ്മർദ്ദം ചെലുത്താറുണ്ട്. ഇന്ന പള്ളിയിൽ തന്നെ ഇരിക്കണമെന്നും നിർബന്ധം പിടിക്കുന്നു. ഉദാഹരണത്തിന് റബ്വയിൽ, മസ്ജിദ് അഖ്സായിലോ മസ്ജിദ് മുബാറക്കിലോ ഇരിക്കണമെന്ന് പറയുന്നു. ഇല്ലെങ്കിൽ മസ്ജിദ് ഫള്‌ലിലോ ബയ്ത്തുൽ ഫുതൂഹിലോ ഇരിക്കണമെന്ന് പറയുന്നു. ഇതിനുവേണ്ടി സമ്മർദ്ദം ചെലുത്തുന്നു. ശിപാർശ ചെയ്തുകൊണ്ടുള്ള കത്തുകളെഴുതുന്നു. ഈ രീതി തെറ്റാണ്. ദുആയുടെ സ്വീകാര്യത, അല്ലാഹുവിന്റെ ഫള്‌ലുണ്ടെങ്കിൽ എവിടെയുമാകാം. ഇഅ്തിക്കാഫ് ഇരിക്കുന്നവർക്കേ, ലയ്ലത്തുൽ ഖദ്ർ ലഭിക്കുകയുള്ളു മറ്റാർക്കും ഉണ്ടാകുകയില്ല എന്ന് പറഞ്ഞിട്ടില്ല. ഒരു

പ്രത്യേക സ്ഥലവുമായി ബന്ധപ്പെട്ടതല്ല ഇത്. സ്ഥലങ്ങൾക്ക് ഒരു പ്രാധാന്യമുണ്ടെന്നതു ശരിതന്നെയാണ്. അതുമായിട്ടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ വികാരത്തിന് പ്രത്യേകമായൊരു അവസ്ഥ ഉണ്ടാകാറുമുണ്ട്. എന്നാൽ, ഇന്ന സ്ഥലത്ത് നിർബന്ധമായും ഇരിക്കണം. കഴിഞ്ഞവർഷം ഇന്നയാൾ ഇന്ന സ്ഥലത്ത് ഇരുന്നിരുന്നു. അതുകൊണ്ട് ഈ വർഷവും ഞങ്ങൾക്ക് നിർബന്ധമായും ആ സ്ഥലം തന്നെ കിട്ടണമെന്ന വിചാരം തെറ്റാണ്. ഇത് മറ്റൊരാളെ നോക്കി ചെയ്യുന്ന കാര്യമാണ്. നന്മയിൽ അഭിവൃദ്ധി ഉണ്ടാക്കുന്ന കാര്യമല്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു. നബി (സ) അവിടത്തെ വിയോഗം വരെ റമസാനിലെ അവസാനത്തെ പത്തുദിവസങ്ങളിൽ ഇഅ്തിക്കാഫ് അനുഷ്ഠിക്കാറുണ്ടായിരുന്നു. ഒരു റമസാനിൽ സുബ്ഹി നമസ്കാരത്തിനുശേഷം അവിടന്ന് അവിടത്തെ കൂടാരത്തിൽ പ്രവേശിച്ചപ്പോൾ ഹസ്റത്ത് ആയിശ (റ) ഇഅ്തിക്കാഫ് ഇരിക്കാൻ അനുവാദം ചോദിച്ചു. അവിടന്ന് അനുവാദം നല്കി. ആയിശ(റ)യും കൂടാരം കെട്ടി. ഹസ്റത്ത് ആയിശ(റ) ഇഅ്തിക്കാഫ് ഇരുന്ന വിവരം ഹസ്റത്ത് ഹഫ്സ(റ) കേട്ടപ്പോൾ, അവരും കൂടാരം കെട്ടി. അടുത്ത സുബ്ഹി നേരത്ത് നബി(സ) നാലു കൂടാരങ്ങൾ കെട്ടിയിരിക്കുന്നതായി കണ്ടു. അപ്പോൾ നബി(സ) ഇതെന്താണെന്ന് ചോദിച്ചു. ഉമ്മുഹാത്തുൽ മുഅ്മിനീന്റെ വിവരങ്ങൾ നബി(സ)യോടു പറഞ്ഞു. ഓരോരുത്തരും ഓരോരുത്തരെ കണ്ടുകൊണ്ട് കൂടാരം കെട്ടിയിരിക്കുന്നുവെന്നറിയിച്ചു; നബി(സ)ന്റെ സാമീപ്യം ഇങ്ങനെ കിട്ടുമല്ലോ. എന്തായാലും, നബി(സ) ഇതു കണ്ടിട്ടു ചോദിച്ചു. 'ഇങ്ങനെ ചെയ്യാൻ അവരെ നിർബന്ധിച്ച സംഗതി എന്താണ്? നന്മയാണോ?' ആ കൂടാരങ്ങൾ അഴിച്ചുമാറ്റാൻ അവിടന്ന് പറഞ്ഞു. അങ്ങനെ അത് അഴിച്ചുമാറ്റി. നബി (സ) തന്റെ കൂടാരവും അഴിപ്പിച്ചു. ആ വർഷം ഇഅ്തിക്കാഫ് ഇരുന്നതുമില്ല. ആ പരിതസ്ഥിതിയിൽ ഒരു നിവേദനമനുസരിച്ച് ശവ്വാലിന്റെ അവസാനത്തിൽ ഇഅ്തിക്കാഫിരുന്നു.

തമ്മിൽ തമ്മിൽ നോക്കി ചെയ്യുന്ന ഇത്തരം കാര്യങ്ങൾ പിന്നീട് ബിദ്അത്തുകൾ ആയിത്തീരുമെന്ന് അവിടന്ന് പറഞ്ഞു. അതുകൊണ്ടാണ് അത് അഴിച്ചുനീക്കിയത്. അനാചാരങ്ങൾ പരക്കുന്നത് നബി (സ) യ്ക്ക് സഹിക്കാൻ കഴിയുമായിരുന്നില്ല. നന്മ ചെയ്യാനുള്ള ആഗ്രഹം ഹൃദയത്തിൽ നിന്ന് പൊട്ടിപ്പുറത്ത് വരണം. നന്മ ചെയ്യാനുള്ള ആഗ്രഹം പുറത്തു വരുന്നുവെന്ന് പ്രകടമാകേണ്ടതാണ്. അല്ലാതെ തമ്മിൽ തമ്മിൽ കണ്ടുകൊണ്ട് അവൻ ചെയ്യുന്നതുപോലെ ഞാനും എന്ന രീതി ഉണ്ടാകാൻ പാടില്ല. ഉമ്മുഹാത്തുൽ മുഅ്മിനീനും തീർച്ചയായും സദുദ്ദേശ്യത്തോടെയായിരിക്കും ഇഅ്തിക്കാഫ് ഇരുന്നത്; നബി (സ) തിരുമേനിയുടെ സാമീപ്യത്തിൽ, ഈ ദിനങ്ങളിലുണ്ടാകുന്ന ആ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകാൻ. എന്നാൽ, അല്പം പോലും കാണിക്കാൻ വേണ്ടി കർമ്മം ചെയ്യുന്നത് നബി(സ) ഇഷ്ടപ്പെട്ടിരുന്നില്ല. അല്പം പോലും സംശയമുണ്ടാകാൻ പാടില്ല. അതുകൊണ്ട് അവിടന്ന് എല്ലാവരുടെയും കൂടാരങ്ങൾ അഴിപ്പിച്ചു.

ഇഅ്തിക്കാഫ് എങ്ങനെ ഇരിക്കണമെന്നും നബി(സ) നമുക്ക് പറഞ്ഞുതന്നു. ഇരിക്കുന്നവരും മറ്റുള്ളവരും എന്തെന്തെല്ലാം പാലിക്കണമെന്നും പറഞ്ഞു. നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) റമസാനിലെ അവസാനത്തെ പത്തിൽ ഇഅ്തിക്കാഫിരുന്നു. നബി(സ)യ്ക്കുവേണ്ടി ഈന്തപ്പനമരത്തിന്റെ ഉണങ്ങിയ കൊമ്പുകൾ കൊണ്ട് കൂടാരം കെട്ടി. ഒരിക്കൽ അവിടന്ന്, വെളിയിലേയ്ക്ക് എത്തിനോക്കിക്കൊണ്ടു പറഞ്ഞു. "നമസ്കരിക്കുന്നയാൾ തന്റെ റബ്ബിൽ ലയിച്ചിരിക്കുകയായിരിക്കും. അതുകൊണ്ട് പരസ്പരം കേൾപ്പിക്കുന്നതിനുവേണ്ടി ഉറക്കെ ഖുർആൻ ഓതാതിരിക്കുക."

അതായത് പള്ളിയിൽ മറ്റാളുകളും ഇഅ്തിക്കാഫ് ഇരിക്കുന്നുണ്ടാകും. അവർ അല്ലാഹുവിനോട് ദുആ ചെയ്യുകയും അല്ലാഹുവിൽ ലയിച്ചിരിക്കുകയുമായിരിക്കും. നമസ്കാരത്തിൽ ഖുർആൻ ഓതുകയാണെങ്കിലും, തിലാവത്തു ചെയ്യുകയാണെങ്കിലും മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ, ഉറക്കെ പാരായണം ചെയ്യരുത്. ചെറിയ ശബ്ദത്തിൽ തിലാവത്ത് ചെയ്യണം. ചില പ്രത്യേക നേരത്തൊഴികെ. ഉദാഹരണത്തിന് ജമാഅത്തിന്റെ വ്യവസ്ഥിതിയനുസരിച്ച് ഒരു പ്രത്യേക നേരത്ത് ദർസുണ്ടാകും. ഇതിനുപുറമെ ഓരോ ഇഅ്തിക്കാഫ് ഇരിക്കുന്നയാളും ഉറക്കെ ഖുർആൻ പാരായണം ചെയ്യാൻ പാടില്ല. അല്ലെങ്കിൽ ഉറക്കെ ഓതി നമസ്കരിക്കാൻ പാടില്ല. കാരണം ഇതു മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കും.

ഈ മുൻകരുതലാണ് നബി(സ) തിരുമേനി പറഞ്ഞത്. ഈ സൂക്ഷ്മത എവിടെ? നിങ്ങൾ നോക്കുക. ചിലപ്പോൾ, മുമ്പ് റബ്വയിലും ഉണ്ടായിരുന്നു. ഇപ്പോഴും ചില പള്ളികളിലുണ്ട്. ഇവിടെയും ചിലപ്പോൾ ഈ അവസ്ഥയാകാം. ഇത് ഇഅ്തിക്കാഫ് ഇരിക്കുന്നവർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. അയാൾ തന്റെ ആരാധനയിൽ മുഴുകിയിരിക്കുകയായിരിക്കും. (ഒരു തുണിയല്ലേ മറയ്ക്കുന്നതിനുവേണ്ടി തൂക്കിയിടുന്നതെന്ന് ഹുസൂർ മുമ്പിലിരിക്കുന്നവരോടു ചോദിച്ചു.) അങ്ങനെ മറയുടെ പിന്നിൽ നിന്ന് ഒരു കൈ ഉള്ളിൽ കടക്കുന്നു. അതിൽ മിഠായിയും അതിനോടൊപ്പം, എനിക്കുവേണ്ടി ദുആ ചെയ്യുക എന്ന ഒരു കുറിപ്പും ഉണ്ടാകും. അല്ലെങ്കിൽ അയാൾ നമസ്കാരത്തിലായിരിക്കും. മുകളിൽ മറയൊന്നും ഉണ്ടാകുകയില്ല. ദുആ ചെയ്യുക എന്നെഴുതിയ കടലാസ് മുകളിലൂടെ താഴേക്കിടും. അല്ലെങ്കിൽ ഒരു പതിഞ്ഞ ശബ്ദം മറയുടെ പിന്നിൽ നിന്നും വരും. ഇന്നയാളാണ് സംസാരിക്കുന്നത്. എനിക്കു

വേണ്ടി ദുആ ചെയ്യുക. ഇതെല്ലാം തെറ്റായ പ്രവണതയാണ്. വൈകുന്നേരമായിക്കഴിഞ്ഞാൽ നോമ്പു തുറയുടെ ബഹളമാരംഭിക്കുന്നു. വലിയ വലിയ ട്രേ നിറച്ച് ഭക്ഷണം കൊണ്ടുവരുന്നു. അതാണെങ്കിൽ ഇഅ്തിക്കാഫ് ഇരിക്കുന്നയാൾക്ക് തിന്നാൻ പോലും കഴിയില്ല. അത്രയേറെ ഉണ്ടാകും. അങ്ങനെ പള്ളിയിൽ ബഹളമുണ്ടാകുന്നു. മാലിന്യങ്ങൾ വീഴുകയും ചെയ്യുന്നു. നോമ്പു തുറക്കാനുള്ള സാധനങ്ങൾ അയക്കുന്ന ആളുകളിൽ ചിലർ അന്തസ്സോടെ, ഇന്ന് ഞാനാണ് നോമ്പു തുറപ്പിച്ചത് എങ്ങനെയുണ്ടെന്ന് ചോദിക്കുകയും ചെയ്യും. അല്ലെങ്കിൽ ഇന്ന, ഇന്ന തൊക്കെയുണ്ടായിരുന്നുവെന്നും എന്റെ നോമ്പു തുറ എല്ലാവർക്കും ഇഷ്ടപ്പെട്ടുവെന്നും മറ്റുള്ളവരോട് പറയും. പിറ്റേ ദിവസം അതിനെക്കാൾ മികച്ച രീതിയിൽ നോമ്പ് തുറപ്പിക്കാൻ അടുത്തയാൾ ശ്രമിക്കുന്നു. ഇതെല്ലാം പൊങ്ങച്ചത്തിന്റേയും വമ്പിന്റേയും വിഭാഗത്തിൽപ്പെടുന്നു. സേവനം ചെയ്യുന്നതിനുപകരം, ഇത് നാട്യമായിത്തീരുന്നു. അതുകൊണ്ട്, ഇഅ്തിക്കാഫ് ഇരിക്കുന്നയാൾ തന്റെ വീട്ടിൽനിന്ന് നോമ്പു തുറക്കാനുള്ള ഭക്ഷണം വാങ്ങിക്കുക. അല്ലെങ്കിൽ ജമാഅത്തിന്റെ വ്യവസ്ഥിതിയനുസരിച്ച് അവർക്കെത്തിച്ചുകൊടുക്കുക. പേരോടു കൂടി ഓരോ മുറിയിലും ഓരോരുത്തർക്കും വേണ്ടി നോമ്പു തുറക്കുന്നതിനുള്ള ഭക്ഷണം എത്തുന്നത് തെറ്റാണ്. ജമാഅത്തിന്റെ ഒരു പള്ളിയിലും അതുണ്ടാകാൻ പാടില്ല. കാരണം ഇതിലൂടെ മറ്റു ബുദ്ധിമുട്ടുകളും വ്യാപിച്ചുകൊണ്ടേപോകും. റബ്‌വയിലും, ലങ്കർഖാനയിൽനിന്ന് മർക്കസി പള്ളികളിൽ ഇരിക്കുന്നവർക്കുവേണ്ടി ഭക്ഷണം കൊടുത്തയക്കേണ്ടതാണ്. മറ്റു പള്ളികളിലും ഈ സംവിധാനം ഇല്ലെങ്കിൽ ചെയ്യേണ്ടതാണ്. ഒരിടത്തിരുന്ന് എല്ലാവരും കഴിക്കുന്നു; അത്താഴസമയത്തും.

ചിലയാളുകൾ ഇഅ്തിക്കാഫിലിരുന്നുകൊണ്ട് കുറച്ചുനേരം ഭൗതിക ജോലികൾ ചെയ്യുന്നു. ഉദാഹരണത്തിന് ജോലിക്കാര്യങ്ങളുടെ റിപ്പോർട്ട് ഇന്ന സമയത്ത് എത്തിച്ചുതരണമെന്ന് മകനോടോ ജോലിക്കാരനോടോ പറയുന്നു. 'ജോലിസംബന്ധമായ എന്തെങ്കിലും കാര്യങ്ങൾ ചോദിക്കുന്നുവെങ്കിൽ ഇന്ന സമയത്തുവരിക. ഞാൻ നിർദ്ദേശം തരുന്നതാണ്.' ഈ പ്രവണതയും തെറ്റാണ്; തികച്ചും നിർബന്ധഘട്ടത്തിലല്ലാതെ ഇത്തരം പ്രവൃത്തികൾ ചെയ്യാൻ പാടില്ല. ഇതു സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ) നോടു ചോദിച്ചു. ഇഅ്തിക്കാഫ് ഇരിക്കുമ്പോൾ തന്റെ ഭൗതിക ജോലികളെ സംബന്ധിച്ച് സംസാരിക്കാമോ? അവിടന്ന് പറഞ്ഞു: "തികച്ചും നിർബന്ധഘട്ടത്തിൽ സംസാരിക്കാം. രോഗികളെ സന്ദർശിക്കുന്നതിനും പ്രാഥമിക കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനും വെളിയിൽ പോകാവുന്നതാണ്."

തികച്ചും നിർബന്ധഘട്ടത്തിൽ എന്നാണ് പറഞ്ഞിരിക്കുന്നത്. അല്ലാതെ, നിത്യവും സമയം നിശ്ചയിച്ച് ആ നേരത്തു വരിക, നമുക്കു ജോലി സംബന്ധമായ കാര്യങ്ങൾ സംസാരിക്കാം എന്നതല്ല. ഇനി സന്ദർഭവശാൽ അത്തരം ഘട്ടങ്ങൾ ഉണ്ടായാൽ, ഏതെങ്കിലും സർക്കാർ കടലാസിൽ ഒപ്പിടാൻ തീയതി കഴിഞ്ഞുപോകുന്നു, അല്ലെങ്കിൽ ഉടമ്പടിയിൽ ഒപ്പിടാൻ തീയതി കഴിഞ്ഞുപോകുന്നു, അല്ലെങ്കിൽ ഇതുപോലുള്ള മറ്റെന്തെങ്കിലും അത്യാവശ്യകാര്യങ്ങൾ ചെയ്യാവുന്നതാണ്. എന്നാൽ, നിത്യവുമല്ല.

രോഗികളെ സന്ദർശിക്കാൻ പോകാമെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ചില യാളുകൾ പോകാൻ പാടില്ലെന്ന് ധരിക്കുന്നവരാണ്. നബി (സ)യുടെ അധ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇതു പറഞ്ഞിട്ടുള്ളത്. ഹസ്റത്ത് ആയിശ(റ) പറയുന്നു: നബി(സ) ഇഅ്തിക്കാഫിലിരിക്കുമ്പോൾ രോഗികളെ സന്ദർശിക്കാൻ പോകുമായിരുന്നു. നബി(സ) അവിടെ അധികം നിൽക്കാതെ രോഗവിവരം ചോദിക്കുമായിരുന്നു.

രോഗികളെ സന്ദർശിക്കൽ അനുവദനീയമാണ്. പക്ഷെ, അവിടെച്ചെന്നു, നിന്നുകൊണ്ട് കാര്യം ചോദിച്ചു, തിരിച്ചുപോന്നു. അത്രമാത്രം. അല്ലാതെ അവിടെയിരുന്ന് അതും ഇതും പറഞ്ഞ് സമയം പാഴാക്കിക്കളയലല്ല. മദീനയിൽ വീടുകൾ അടുത്തടുത്തായിരുന്നു. അടുത്തുവീടായിരിക്കുക, പ്രത്യേക രോഗിയായിരിക്കുക, അവിടെ പോയി പ്രത്യേക കാര്യം ചോദിക്കുക. ഇതൊക്കെയാണ് അനുവദനീയം. മറിച്ച്, ഒരുപാട് ബന്ധുക്കളുണ്ട്, രോഗികളും അതുപോലെതന്നെയുണ്ട്, അത്തരം ഘട്ടത്തിൽ വീടുവീടാന്തരം കയറിയിറങ്ങാൻ ബുദ്ധിമുട്ടാകും. വീടുകൾ ദൂരെ ദൂരെയാണെങ്കിൽ പറയുകയും വേണ്ട. പോയി വരുന്നതിനുതന്നെ രണ്ടുമണിക്കൂർ എടുക്കും. അടുത്ത വീടുകളിൽ പോകുവാനാണ് അനുവാദം. എവിടെ പോകാനും ജമാഅത്തിൽ നിന്ന് അനുവാദം വാങ്ങേണ്ടതും അത്യാവശ്യമാണ്. ഇതു ഞാൻ പറയുന്നത് ചിലയാളുകൾ ചോദ്യങ്ങൾ എഴുതി അയക്കുന്നതുകൊണ്ടാണ്.

ഉമ്മുൽ മുഅ്മിനീൻ ഹസ്റത്ത് സഫിയ(റ) നിവേദനം ചെയ്യുന്നു. നബി(സ) ഇഅ്തിക്കാഫ് ഇരിക്കുകയായിരിന്നു. ഞാൻ നബി(സ)യെകാണാൻ രാത്രിനേരത്തുപോയി. ഞാൻ നബി(സ)യോടു സംസാരിച്ചിരുന്നു. ഞാൻ എഴുന്നേറ്റ് തിരിച്ചുപോകാനൊരുങ്ങുമ്പോൾ, നബി(സ)യും എന്നോടൊപ്പം എഴുന്നേറ്റു. ഹസ്റത്ത് സഫിയ(റ) ആ ദിനങ്ങളിൽ ഹസ്റത്ത് ഉസാമബിൻ സയ്ദിന്റെ വീട്ടിലായിരുന്നു താമസിച്ചിരുന്നത്. വഴിയിൽ അൻസാരികളെ കണ്ടു. നബി(സ)യെകണ്ടപ്പോൾ അവർ വേഗം വേഗം നടക്കാൻ തുടങ്ങി. നബി(സ) അവരോട് പറഞ്ഞു. നിങ്ങൾ നടക്കുന്നതുപോലെ നടന്നാൽ മതി. ഇത് സഫിയബിൻത് ഹുയിയ്യാണ്. ഇതുകേട്ട് അവർ രണ്ടു പേരും പറഞ്ഞു: സുബ്ഹാനല്ലാഹ്! അല്ലാഹുവിന്റെ

റസൂലേ! അങ്ങയെ സംബന്ധിച്ച് ഞങ്ങളൊരിക്കലും അങ്ങനെ തെറ്റിദ്ധരിക്കുകയില്ല. നബി(സ) പറഞ്ഞു: അങ്ങനെയല്ല, ശയ്ത്വാൻ ശരീരത്തിൽ രക്തം ചംക്രമണം ചെയ്യുന്നതുപോലെ കറങ്ങിക്കൊണ്ടിരിക്കുകയാണ്. ശയ്ത്വാൻ നിങ്ങളുടെ മനസ്സിൽ ചീത്ത ക്കാര്യം ഇടുമോ എന്ന് ഞാൻ ഭയപ്പെട്ടു.

ഒന്ന്, നബി(സ) ശയ്ത്വാനീ ദുർബോധനങ്ങളെ അകറ്റാൻ ശ്രമിച്ചു. ഇതു സഫ്യയായാണ്. പരിശുദ്ധ ഭാര്യമാരിൽപ്പെട്ടയാളാണ് എന്നുപറഞ്ഞു. മറ്റൊന്ന്, ഇഅ്തിക്കാഫിന്റെ അവസ്ഥയിൽ പള്ളിയിൽ നിന്നിറങ്ങി അല്പദൂരം വരെ പോകുന്നതുകൊണ്ട് വിരോധമില്ലെന്നും അറിയിച്ചു. പള്ളിയിൽ പ്രാഥമികാവശ്യങ്ങൾക്ക് സൗകര്യമില്ലെങ്കിൽ, കുളിമുറി മുതലായവയില്ലെങ്കിൽ, വീട് അടുത്താണെങ്കിൽ അവിടെയും പോകാവുന്നതാണ്. ഇന്ന് എല്ലാ പള്ളികളിലും ഇത്തരം സംവിധാനങ്ങളുണ്ട്. അതുകൊണ്ട് അത്തരം ബുദ്ധിമുട്ടുകളൊന്നുമില്ല. എങ്കിലും, കുറച്ചുസമയം പള്ളിയുടെ വെളിയിൽ ഉലാത്താനോ മറ്റോ ആഗ്രഹിക്കുകയാണെങ്കിൽ ചെയ്യുന്നതുകൊണ്ട് വിരോധമില്ല.

ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) മജ്ലിസിൽ ഇരിക്കുകയായിരുന്നു. ഖാജ കമാലുദ്ദീൻ സാഹിബും ഡോക്ടർ ഇബാദുല്ലാ സാഹിബും ആ ദിനങ്ങളിൽ ഇഅ്തിക്കാഫ് ഇരിക്കുകയായിരുന്നു. അവിടന്ന് അവരോട് പറഞ്ഞു: "മനുഷ്യൻ എങ്ങോട്ടും ഇറങ്ങാതെ ഉള്ളിൽ തന്നെയിരിക്കുക എന്നത് ഇഅ്തിക്കാഫിൽ നിർബന്ധമില്ല. പള്ളിയുടെ മുകളിൽ വെയിലുണ്ട്. അവിടെ പോയി നിങ്ങൾക്കിരിക്കാം. കാരണം താഴെ ഇവിടെ തണുപ്പ് അധികമാണ്."

അവിടെ ഇലക്ട്രിക് സിസ്റ്റം ഒന്നും ഉണ്ടായിരുന്നില്ല. തണുപ്പുകാലത്ത് ജനങ്ങൾ വെയിലത്തിരിക്കുമായിരുന്നു.

പറയുന്നു: അത്യാവശ്യകാര്യങ്ങൾ സംസാരിക്കാം. അതായത് നിർബന്ധകാര്യങ്ങൾ ശ്രദ്ധിക്കണം. പറഞ്ഞു: എല്ലാസ്ഥലങ്ങളും സത്യവിശ്വാസിക്ക് ഇബാദത്തിനുവേണ്ടിത്തന്നെയാണ്. സത്യവിശ്വാസിയായിരിക്കുകയാണെങ്കിൽ അത്തരം പ്രശ്നങ്ങളൊന്നും ഉണ്ടാകുകയില്ല.

ഹസ്റത്ത് ആയിശ(റ) പറയുന്നു. നബി(സ) തിരുമേനി ഇഅ്തിക്കാഫിരിക്കുമ്പോൾ തല എന്റെ അടുത്തേക്ക് നീട്ടുമായിരുന്നു. ഞാൻ നബി(സ)യുടെ മുടി ചീകികൊടുക്കുമായിരുന്നു. പ്രാഥമിക ആവശ്യങ്ങൾക്കുവേണ്ടി മാത്രമേ അവിടന്ന് വീട്ടിൽ വന്നിരുന്നുള്ളു.

ചിലയാളുകൾ ഇക്കാര്യത്തിൽ കടുപ്പമുള്ളവരാണ്. ഇഅ്തിക്കാഫിൽ ഭാര്യയുടെ കൈമുട്ടിക്കഴിഞ്ഞാൽ എന്തൊക്കെയോ ആയിപ്പോകുമെന്ന് അവർ ധരിക്കുന്നു. മറ്റൊന്ന് മുഖത്ത് ഒരു ശോചനീയാവസ്ഥ ഉണ്ടാക്കുക എന്നതാണ്. അവസ്ഥയൊക്കെ അതിനനുസരിച്ച് മാറ്റുകയും ചെയ്യും. അങ്ങനെ ചെയ്തില്ലെങ്കിൽ താൻ ആരാധനകർമ്മങ്ങളിൽ മുഴുകുന്നില്ലെന്ന് ജനങ്ങൾ ധരിച്ചാലോ എന്നാണ് അവർ മനസ്സിലാക്കുന്നത്. ഇത് തെറ്റായ പ്രവണതയാണ്. ഇഅ്തിക്കാഫിലും അവസ്ഥകൾ നല്ലവണ്ണം ഭംഗിയാക്കി വെക്കേണ്ടതാണ്. എപ്പോഴും തയ്യാറായിരിക്കണം. മറ്റൊന്ന് ഭാര്യമാരേയോ മറ്റുരക്തബന്ധുക്കളെയോ കൊണ്ട് അവർ പള്ളിയിൽ നിങ്ങളെ കാണാൻ വരുമ്പോൾ എണ്ണപുരട്ടിക്കുകയോ, തലചീകിക്കുകയോ ചെയ്താൽ കുറ്റമൊന്നുമില്ല.

റമസാനിലെ അവസാനത്തെ പ ത്തിൽ നബി (സ)യുടെ ആരാധനയുടെ കാഴ്ചകൾ എന്തായിരുന്നു? സാധാരണ ദിനങ്ങളിലുള്ള അവിടത്തെ ആരാധനകാണുമ്പോൾതന്നെ, ഈ മാസത്തിൽ അവിടത്തെ ആരാധന എത്രമാത്രം കൂടിയതായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളു. എന്നാൽ അവിടന്ന് ഈമാസത്തിലെ അവസാനത്തെ പത്തിൽ അതിനെക്കാളും പാരമ്യതയിൽ ആരാധനകളനുഷ്ഠിച്ചിരുന്നു. ഹസ്റത്ത് ആയിശ(റ) പറയുന്നു. "റമസാനിലെ ഒരു പത്ത് ബാക്കിയാകുമ്പോൾ നബി(സ) അരമുറുക്കുമായിരുന്നു. തന്റെ കുടുംബങ്ങളിൽ നിന്ന് വേർപെടുമായിരുന്നു." ഈ ദിനങ്ങളിൽ തികച്ചും വേർപെടുമായിരുന്നു. പള്ളിയിൽ പോകുമായിരുന്നു. ഇരുപത്തിനാലു മണിക്കൂറും ആരാധനാകർമ്മങ്ങളിൽ വ്യാപൃതനാകുമായിരുന്നു.

ഈ അവസാനത്തെ പത്ത് അതിന്റെ എല്ലാ അനുഗ്രഹങ്ങളോടും കൂടി നമ്മളിലേക്കും വരാൻ പോകുകയാണ്. ഇൻശാഅല്ലാഹ്. കഴിവനുസരിച്ച് നമ്മളും ഈ ദിനങ്ങളിൽ നമ്മുടെ ആരാധനാകർമ്മങ്ങളെ അലങ്കരിക്കേണ്ടതാണ്. അതിനെ അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്. ഇസ്തിഗ്ഫാർ ചെയ്യുന്നതിലേക്കും ആരാധനകൾ അനുഷ്ഠിക്കുന്നതിലേക്കും ശ്രദ്ധിക്കുക, അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരും ഈ അവസാനത്തെ പത്തിൽ വരുന്ന ലയ്ലത്തുൽ ഖദ്ർ പ്രാപിക്കുന്നവരുമായിത്തീരാൻ. ഏതൊരു ആരാധനയാണോ നമുക്ക് ശീലമായി തീർന്നത് അതിനെ എന്നെന്നും നിലനിറുത്തുന്നവരായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്യുക.

ഹസ്റത്ത് അൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "വിശ്വാസദാർഢ്യത്തോടെയും ആത്മപരിശോധന നടത്തിക്കൊണ്ടും വല്ലവനും റമസാനിലെ നോമ്പനുഷ്ഠിച്ചാൽ തന്റെ മുൻകഴിഞ്ഞ പാപങ്ങൾ അവന് പൊറുക്കപ്പെടും. വിശ്വാസദാഢ്യത്തോടെയും അത്മപരിശോധന നടത്തികൊണ്ടും വല്ലവനും ലയ്ലത്തുൽ ഖദ്റിന്റെ രാവിൽ ആരാധനയിൽ മുഴുകിയാൽ തന്റെ മുൻകഴിഞ്ഞ പാപങ്ങൾ അവനു പൊറുക്കപ്പെടുന്നതാണ്."

നോക്കുക. ഇവിടെ നോമ്പനുഷ്ഠാനത്തിലും ലയ്ലത്തുൽ ഖദ്ർ രാവിൽ ആരാധനയിൽ മുഴുകലിലും നിബന്ധനയുണ്ട്. ഒന്ന് വിശ്വാസദാർഢ്യത്തോ

ടെ ആകണം. സത്യ വിശ്വാസിയായിരിക്കണം. ആത്മ പരിശോധന നടത്തിക്കൊണ്ടിരിക്കുകയും വേണം. സത്യ വിശ്വാസത്തിന്റെ എല്ലാ നിബന്ധനകളും യഥാവിധി പൂർത്തിയാക്കുന്നവനാണ് യഥാർത്ഥ സത്യവിശ്വാസി. നാവുകൊണ്ട് പറയൽ മാത്രമല്ല. എന്താണ് നിബന്ധനകൾ?. വിശുദ്ധഖുർആനിൽ നിരവധി നിബന്ധനകളെക്കുറിച്ച് പറയുന്നുണ്ട്. അല്ലാഹുവിലുള്ള വിശ്വാസം. അല്ലാഹുവിൽ വിശ്വസിക്കുന്നവനാണല്ലോ മുഅ്മിൻ അഥവാ സത്യവിശ്വാസി. ഇതിന്റെ ഉദാഹരണം ഖുർആൻ ഇങ്ങനെ സമർപ്പിക്കുന്നു.

إِنَّمَا الْمُؤْمِنُونَ الَّذِينَ إِذَا ذُكِرَ اللَّهُ وَجِلَتْ قُلُوبُهُمْ

"അല്ലാഹുവിനെ സംബന്ധിച്ച് പറയപ്പെട്ടാൽ അവരുടെ ഹൃദയം ഭയമുള്ളതായിതീരുന്നു." (8:3) ആരുടെ ഹൃദയത്തിലാണോ അല്ലാഹുവിനോടുള്ള ഭയമുണ്ടാകുന്നത് അവൻ മറ്റുള്ളവന്റെ അവകാശം തട്ടിപ്പറിച്ചെടുക്കാനോ സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കാനോ ഒരിക്കലും ചിന്തിക്കുക പോലുമില്ല. കാരണം സമൂഹത്തിൽ എല്ലാവരുമായി നന്നായിരിക്കാൻ അല്ലാഹുവിന്റെ കല്പനയുണ്ട്. അയൽവാസിയോട് നല്ലനിലയിൽ പെരുമാറുക, വാഗ്ദാനം പാലിക്കുക, മറ്റുള്ളവർക്കുവേണ്ടി ത്യാഗം ചെയ്യുക ഇത്തരം നിരവധി കല്പനകളുണ്ട്. ഇത്തരം കാര്യങ്ങളുണ്ടെങ്കിൽ ഈമാൻ ദൃഢമായിരിക്കും. അപ്പോൾ അല്ലാഹുവിനെക്കുറിച്ചുള്ള ഭയവും മനസ്സിലുണ്ടാകും. അല്ലെങ്കിൽ അല്ലാഹുവിനോടുള്ള ഭയം നിമിത്തം ഈ പ്രവൃത്തികളും നടക്കുന്നുണ്ടാകും. ആരാധനാകർമ്മങ്ങളോടൊപ്പം അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും ആത്മപരിശോധന നടത്തുകയും ചെയ്യുക. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ രാവിലേയും വൈകുന്നേരവും ഞാൻ ഭയന്ന് ഭയന്ന് പകൽ കഴിച്ചു കൂട്ടിയോ എന്ന് പരിശോധിക്കുക. തഖ്‌വയോടെ രാത്രി കഴിച്ചുകൂട്ടിയോ എന്ന് പരിശോധിക്കുക. അത്തരം അവസ്ഥയുണ്ടായാൽ അത്തരക്കാരുടെ നോമ്പും സ്വീകരിക്കപ്പെടും. ലയ്‌ലത്തുൽഖദ്റിന്റെ ബർക്ക ത്തും ലഭിക്കും. ഇവരാണ് മഹത്തായ പ്രതിഫലം കരസ്ഥമാക്കുന്നവരെന്ന് അല്ലാഹുപറയുന്നു. ഓരോ സത്യവിശ്വാസിക്കും ലയ്‌ലത്തുൽഖദ്ർ രാവ് ഏതാണെന്നറിയാൻ ആകാംക്ഷയുണ്ടായിരിക്കും. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഉമ്മുൽ മുഅ്മിനീൻ ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: "ലയ്‌ലത്തുൽഖദ്റിനെ റമസാന്റെ അവസാനത്തെ പത്തിൽ ഒറ്റയായ രാത്രിയിൽ അന്വേഷിക്കുക. അതായത് 23,25,27 രാവുകളിൽ അന്വേഷിക്കുക."

ഹസ്റത്ത് ഇബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനിയുടെ ആദരണീയരായ സ്വഹാബിമാരിൽ അധികമാളുകൾക്കും റമസാനിലെ ഏഴുരാത്രികളിൽ സ്വപ്നത്തിൽ ലയ്‌ലത്തുൽഖദ്ർ കാണിക്കപ്പെട്ടു. നബി(സ) അതുകേട്ടപ്പോൾ പറഞ്ഞു: നിങ്ങളുടെ സ്വപ്നങ്ങളിൽ റമസാനിലെ അവസാനത്തെ ഏഴുരാവുകളിൽ ലയ്‌ലത്തുൽഖദ്ർ ഉണ്ടായതിൽ സാദൃശ്യമുള്ളതായി ഞാൻകാണുന്നു. നിങ്ങളിൽ ആരെങ്കിലും അത് അന്വേഷിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവർ റമസാനിലെ അവസാനത്തെ ഏഴുരാത്രികളിൽ അന്വേഷിച്ചുകൊള്ളട്ടെ. ഏതായാലും, അവസാനത്തെപത്ത്, ഏഴുരാത്രികൾ തുടങ്ങിയവ വിവിധ നിവേദനങ്ങളിൽ വന്നിട്ടുണ്ട്.

ഹസ്റത്ത് ആയിശ(റ) പറയുന്നു. ഒരിക്കൽ ഞാൻ ചോദിച്ചു. അല്ലാഹുവിന്റെ ദൂതരേ! എനിക്ക് ലയ്‌ലത്തുൽഖദ്ർ കിട്ടിയാൽ എന്താണ് ഞാൻ ദുആ ചെയ്യേണ്ടത്? നബി(സ) പറഞ്ഞു: ലയ്‌ലത്തുൽ ഖദ്റിന് ഭാഗ്യം കിട്ടിയാൽ ഇങ്ങനെ ദുആചെയ്യുക. '*അല്ലാഹുമ്മ ഇന്നക്ക അഫ്ഉൻ തുഹിബ്ബുൽ അഫ്‌വ ഫഅ്ഫു അന്നീ.*' 'അല്ലാഹുവേ നീ ഒരുപാട് മാപ്പു ചെയ്യുന്നവനാകുന്നു. മാപ്പിനെ ഇഷ്ടപ്പെടുന്നു. അതിനാൽ നീ എനിക്ക് മാപ്പുതരേണമേ.' ഈ ദുആയാണ് നബി(സ) തിരുമേനി പഠിപ്പിച്ചിട്ടുള്ളത്. എന്നാൽ മറ്റു ദുആകൾ ചെയ്യാൻ പാടില്ല എന്ന് ഇതിനർത്ഥമില്ല. അതും ചെയ്യേണ്ടതാണ്. ഈ ഹദീസ് ഞാൻ മുമ്പേ പറഞ്ഞ ഹദീസുമായിചേർത്താൽ കൂടുതൽ കാര്യങ്ങൾ വ്യക്തമാകുന്നതാണ്. വിശ്വാസദാർഢ്യത്തോടും ആത്മപരിശോധന നടത്തിക്കൊണ്ടും ലയ്‌ലത്തുൽഖദ്ർ കിട്ടിയാൽ, പാപം പൊറുക്കപ്പെട്ടു. ആത്മപരിശോധന നടത്തിക്കൊണ്ട് സത്യവിശ്വാസി അല്ലാഹുവിനോട് ഇങ്ങനെ ദുആ ചെയ്യുമ്പോൾ അതായത് "അല്ലാഹുവേ! ഈ റമളാൻ മുഴുവനും എന്റെ പാപങ്ങളെക്കുറിച്ചും അക്രമത്തെക്കുറിച്ചും ഞാൻ പരിശോധന നടത്തിക്കൊണ്ടിരുന്നു. ഈ തെറ്റുകളും അതിക്രമങ്ങളും ഇനി ഉണ്ടാകാതിരിക്കാൻ ശ്രമിക്കുമെന്ന് ഞാൻ പ്രതിജ്ഞചെയ്യുന്നു. നീ മാപ്പുചെയ്യുന്നവനാണ്. നീ മാപ്പിനെ, പൊറുത്തുകൊടുക്കുന്നതിനെ ഇഷ്ടപ്പെടുന്നു. എന്റെ പാപം പൊറുത്തുതന്നാലും. എന്റെ അതിക്രമങ്ങൾ മാപ്പാക്കിയാലും!" ഇങ്ങനെ ചെയ്താൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ഇസ്തിഗ്ഫാറും പാപങ്ങളിൽ നിന്നുള്ള മാപ്പിരക്കലും തൗബ സ്വീകരിക്കുന്നതിന് സഹായിയാകും. ആ മനുഷ്യൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നന്മകളിൽ നിലനിൽക്കാൻ പരിശ്രമിക്കും. അല്ലാഹുവും അത്തരക്കാരെ സഹായിക്കുന്നു. ഇങ്ങനെ ദുആചെയ്യുന്നവൻ അല്ലാഹുവിനെ ആരാധിക്കുന്ന നിലവാരവും ഉയർത്താൻ ശ്രമിക്കുന്നതാണ്. സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റാനും പരിശ്രമിക്കുന്നതാണ്. അതുകൊണ്ടാണല്ലോ മാപ്പും പൊറുക്കലും മധ്യസ്ഥമാക്കി അല്ലാഹുവിനോട് ദുആചെയ്യുന്നത്. പിന്നീട് തന്റെ വാഗ്ദാനമനുസരിച്ച് സദുദ്ദേശ്യത്തോടെ ചെയ്ത ദുആകൾ

അല്ലാഹു സ്വീകരിക്കുകയും ചെയ്യുന്നു. അവന് നന്മകളിൽ അഭിവൃദ്ധി നൽകുകയും ചെയ്യുന്നു. ഇക്കാര്യങ്ങളെല്ലാം, അതായത് മാപ്പ്, പൊറുക്കൽ, ഇസ്തിഗ്ഫാർ ഇതൊന്നും ചെറിയ ദുആകളല്ല. പൂർണ്ണമായും ആത്മപരിശോധന നടത്തിക്കൊണ്ട് ചെയ്താൽ ഇത് വളരെ വലിയ ദുആയാണ്. ഒരുപാട് തിന്മകളെ ഉപേക്ഷിക്കുമ്പോൾ അല്ലാഹുവിന്റെ പക്കൽ പൊറുക്കലിനുള്ള സാഹചര്യം ഒരുങ്ങുന്നു. അല്ലാഹു തആല, ഈ ബോധത്തോടുകൂടി നമുക്ക് മാപ്പിരക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

റമസാനിലെ അവസാനത്തെ പത്തിൽ പല രാത്രികളിൽ ഒരു രാത്രി ലയ്‌ലത്തുൽഖദ്റായി വന്നു. അതിൽ ദുആ ചെയ്തു കാര്യംകഴിഞ്ഞു. ഇതുമാത്ര മല്ല ലയ്‌ലത്തുൽഖദ്ർ കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് നമുക്കറിയാം. ഹസ്റത്ത് മസീഹ് മൗഊദ്(അ) മാത്ര മാണ് നമുക്ക് ഇതിനെക്കുറിച്ച് അറിവ് നൽകിയി ട്ടുള്ളത്. ഇതിന് വിശാലമായ അർത്ഥം വേറെയുമു ണ്ട്. അവിടന്ന് പറയുന്നു: "ഒരു ലയ്‌ലത്തുൽ ഖദ്റുണ്ട്. അത് അവസാനത്തെ പത്തിലുണ്ടാകുന്നു. അല്ലാഹു തആല തന്റെ ജ്യോതിസ്സ് അതിൽ കാണി ക്കുന്നു. കൈനീട്ടിക്കൊണ്ട് ചോദിക്കുന്നവനോ ദുആ ചെയ്യുന്നവനോ ഇസ്തിഗ്ഫാർ ചെയ്യുന്ന വനോ ഉണ്ടോ; ഞാൻ അത് സ്വീകരിക്കാൻ. ഇതിന് മറ്റൊരു അർത്ഥവുമുണ്ട്. നിർഭാഗ്യവശാൽ ഇതിനെ ആലിംകൾ നിഷേധിക്കുന്നു. അതെന്താണെന്നു വെച്ചാൽ നാം ഖുർആനെ അന്ധകാരനിബിഡമായ രാത്രിയിൽ ഇറക്കിയിരിക്കുന്നു. അത് ഒരു പരിഷ്ക ർത്താവിനെ തേടുകയായിരുന്നു. അല്ലാഹുവിനെ ആരാധിക്കുന്നതിനുവേണ്ടിയാണ് മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്. അവൻ പറഞ്ഞു: '*മാ ഖലഖ് ത്തുൽ ജിന്ന വൽ ഇൻസ ഇല്ലാലിയഅ്ബുദൂൻ.*' മനുഷ്യനെ ആരാധിക്കുന്നതിനുവേണ്ടി മാത്രം സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ, അവ ൻ അന്ധകാരത്തിൽ തന്നെ കിടക്കുക എന്നത് സംഭവ്യമല്ല. അത്തരം ഘട്ട ത്തിൽ അവന്റെ പ്രകൃതി ഏതെങ്കിലും പരിഷ്കർ ത്താവ് ജനിച്ചിരുന്നെങ്കിലെന്ന് അതിയായി ആഗ്രഹി ക്കുന്നു. അതുകൊണ്ട് '*ഇന്നാ അൻസൽനാഹു ഫീ ലയ്‌ലത്തുൽഖദ്ർ*' കാലത്തിന്റെ ആവശ്യമനുസരിച്ച് നബി(സ)യുടെ സത്യതയ്ക്കുള്ള മറ്റൊരു തെളിവാണ്."

പറഞ്ഞു: റമസാന്റെ അവസാനത്തെപത്തിൽ വരുന്നതുമാത്രമല്ല ലയ്‌ലത്തുൽഖദ്ർ. പ്രത്യുത അതിന് വേറെയും അർത്ഥമുണ്ട്. അതെന്താണെന്നു വെച്ചാൽ കാലം ഭൗതീകതയുടെ അന്ധകാരങ്ങളിൽ മുങ്ങിപോകുമ്പോൾ, ബഹുദൈവരാധന പാരമ്യത യിൽ വിലസുമ്പോൾ, നിരവധിയാളുകൾ ദൈവത്തെ മറക്കുമ്പോൾ, അല്ലാഹു അത്തരം പരിതസ്ഥിതിയിൽ തന്റെ സൃഷ്ടികളെ ഈ മാലിന്യത്തിൽ നിന്ന് പുറത്തുകൊണ്ടുവരുന്നതിനുവേണ്ടി ഏതെങ്കിലും മുസ്‌ലിഹിനേയോ നബിയേയോ റസൂലിനേയോ അയക്കുന്നു. തിന്മകളിൽ മുങ്ങിപ്പോകുന്ന ഇക്കാല ഘട്ടം കൂരിരുട്ടുള്ള രാത്രിപോലെയാണെന്നും പറഞ്ഞിരിക്കുന്നു.

പറയുന്നു, അതും ഒരു അന്ധകാരകാലഘട്ട മായിരുന്നു. ശിർക്ക് സാധാരണമായിരുന്നു. ജനങ്ങൾ ദൈവത്തെ മറന്നുപോയിരുന്നു. ആ സമയത്ത് അല്ലാഹു നബി(സ) തിരുമേനിയെ നിയോഗിച്ചു. ഈ അന്ധകാരത്തിൽ നിന്നും കൂരിരുട്ടിൽ നിന്നും ലോകത്തെ പുറത്തുകൊണ്ടു വരുന്നതിനുവേണ്ടി. തന്റെ പരിശുദ്ധ ഗ്രന്ഥമായ ഖുർആൻ നബി(സ) തിരുമേനിയിൽ ഇറക്കി. അത് അവസാനത്തെ ശരീഅത്ത് ഗ്രന്ഥമാണ്. പിന്നീട് നബി(സ) യുടെ പ്രവചനമനുസരിച്ച്, മറ്റൊരു അന്ധകാരകാലഘട്ടം വരണമായിരുന്നു. ആയിരം വർഷത്തെ ദൂരത്തിൽ. ഇതിനെ സംബന്ധിച്ച് സൽപ്രകൃതക്കാരും ചിന്താശീലരുമായ മുസ്‌ലിംകൾ, ഇസ്‌ലാമിന്റെ നാമം അവശേഷിച്ചു, കർമ്മങ്ങളൊന്നും ബാക്കിയില്ലെന്ന് പറയുകയുണ്ടായി. പിന്നീട് അല്ലാഹുവിന്റെ സുന്നത്തും വാഗ്ദാനവുമനുസരിച്ച്, നബി(സ)യുടെ പ്രവചനമനുസരിച്ച് മസീഹ് മൗഊദ്(അ) വെളി പ്പെടണമായിരുന്നു. അതു സംഭവിച്ചു. അല്ലാഹു തആല ആമഹാത്മാവിനെ വിശ്വസിക്കാനുള്ള തൗഫീഖും നമുക്കു നൽകി. നമ്മൾ വിശ്വസിച്ച സ്ഥിതിക്ക് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചകാരണത്താൽ, ലോകത്ത് നിന്ന് അന്ധകാരം അകറ്റാൻ ശ്രമിക്കേണ്ട വർ. അഹ്മദിയ്യാ ജമാഅത്തിനെ മാത്രമാണ് അല്ലാഹു അക്കാര്യം ചുമതലപ്പെടുത്തിയിട്ടുള്ളത്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: റസൂൽ(സ)യുടെ പ്രതിനിധി ഇറങ്ങുന്നനേരത്ത് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ലയ്‌ലത്തുൽഖദ്ർ, ആ ലയ്‌ലത്തുൽഖദ്റിന്റെ ഒരുശാഖയാണ്. അല്ലെങ്കിൽ നബി(സ)യ്ക്ക് കിട്ടിയതിന്റെ ഒരു ഛായയാണ്. അല്ലാഹുതആല ആ ലയ്‌ലത്തുൽഖദ്റിന് മഹത്തര മായ സ്ഥാനം നൽകിയിരിക്കുന്നു. അതിനെ സംബ ന്ധിച്ച് ഈ വിശുദ്ധ വചനത്തിൽ പറഞ്ഞത്, '*ഫീഹാ യുഫ്റഖു കുല്ലു അംരിൻ ഹകീം*' എന്നാണ്. അതാ യത് ഈ ലയ്‌ലത്തുൽഖദ്റിന്റെ കാലഘട്ടത്തിൽ അത് ഖിയാമത്തു നാൾ വരെ വ്യാപിച്ചു നിൽക്കുന്നു. ജ്ഞാനപൂർണ്ണമായ കല്പനകളും, ആധ്യാത്മിക ജ്ഞാനങ്ങളും വിദ്യകളും ലോകത്ത് പ്രസിദ്ധീകരിക്ക പ്പെടുന്നതാണ്.(44:5) എല്ലാത്തരത്തിലുള്ള ജ്ഞാന ങ്ങളും വിജ്ഞാനങ്ങളും വിദ്യകളും ലോകത്ത് വ്യാപിക്കപ്പെടും. (പുതിയ പുതിയ കണ്ടുപിടുത്തങ്ങ ളുണ്ടാകും, അറിവുണ്ടാകും, പുതിയ വസ്തുക്കൾ ഉണ്ടാകും. ഇതെല്ലാം അക്കാലത്ത് വ്യാപിക്കുന്നതാ ണ്.) മനുഷ്യന്റെ മറഞ്ഞിരിക്കുന്ന കഴിവുകളെല്ലാം പുറത്തുകൊണ്ടുവരപ്പെടും.

ഇതെല്ലാം റസൂൽ(സ)ന്റെ പ്രതിനിധി ആ അന്ധകാരകാലത്ത് ലോകത്ത് ജനിക്കുമ്പോഴാണു

ണ്ടാകുന്നത്. വാസ്തവത്തിൽ ഇതേ ആയത്തിനെ സൂറത്തുൽ സിൽസാലിൽ വിശദീകരിച്ചു പറഞ്ഞിരിക്കുന്നു. സൂറത്തുൽ സിൽസാലിനു മുമ്പേ സൂറത്തുൽഖദ്ർ അവതരിപ്പിച്ചുകൊണ്ട്, അല്ലാഹുവിന്റെ നടപടിക്രമം ഇങ്ങനെയാണ് നടന്നുവരുന്നതെന്ന് പ്രകടമാക്കിയിരിക്കുന്നു; അതായത് അല്ലാഹുവിന്റെ കലാം ലയ്‌ലത്തുൽ ഖദ്‌റിൽ തന്നെയാണ് ഇറങ്ങുന്നത്. അവന്റെ നബിയും ഈ ലയ്‌ലത്തുൽ ഖദ്‌റിൽ തന്നെയാണ് വരുന്നത്. ലയ്‌ലത്തുൽ ഖദ്‌റിൽ തന്നെയാണ് മലക്കുകൾ ഇറങ്ങുന്നത്. അതുമുഖേന ജനഹൃദയങ്ങളിൽ നന്മയുടെ ആഹ്വാനമുണ്ടാകുന്നു. അത് വഴികേടിന്റെ അന്ധകാരനിബിഡമായ രാത്രിയിൽ തുടങ്ങി പ്രഭാതോദയം വരെ ഈ പ്രവർത്തനങ്ങളിൽ മുഴുകുന്നു; സൗഭാഗ്യവതികളായ ഹൃദയങ്ങളെ സത്യത്തിലേക്ക് ആകർഷിച്ചടുപ്പിക്കുന്നതിനു വേണ്ടി.

നിങ്ങൾ നോക്കുക മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലാണ് ഈ പറഞ്ഞതെല്ലാം പ്രകടമായിരിക്കുന്നത്. അത്ഭുതപ്പെടുത്തുന്ന പുതിയ പുതിയ സാധനങ്ങൾ കണ്ടുപിടിക്കുന്നു. മസീഹ് മൗഊദ്(അ) വരുന്നതിനുമുമ്പേ അതിനെക്കുറിച്ച് ഊഹിക്കാനേ സാധ്യമായിരുന്നില്ല. അതിൽ പുരോഗതിയും നിത്യേന ഉണ്ടായിക്കൊണ്ടിരുന്നു.

1904ൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ഇൽഹാമുണ്ടായിരുന്നു. അവിടന്ന് പറയുന്നു.

ഒരു കാഴ്ച കാണിക്കപ്പെട്ടു. എന്തോ ഒരു കാര്യം സമർപ്പിക്കപ്പെട്ടിരിക്കുകയാണ്. പിന്നീട് ഇൽഹാമുണ്ടായി *ഇന്നാ അൻസൽനാഹു ഫീലയ്‌ലത്തുൽ ഖദ്ർ. ഇന്നാഅൻസൽനാഹു ലിൽ മസീഹിൽമൗഊദ്.* അതായത് നാം അദ്ദേഹത്തെ ലയ്‌ലത്തുൽഖദ്‌റിൽ ഇറക്കിയിരിക്കുന്നു. മസീഹ് മൗഊദിനുവേണ്ടി നാം ഇറക്കിയിരിക്കുന്നു.

അത് മസീഹ് മൗഊദ്(അ)ന്റെ സഹായത്തിനായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ പുതിയ കണ്ടുപിടുത്തങ്ങളിലേക്കുള്ള സൂചനയുമാകാം എന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയിട്ടുണ്ട്. എന്നാലിത് നമ്മുടെ ദുആയിൽ കൂടുതൽ ശക്തി ചെലുത്തണമെന്ന് നമ്മെ പ്രേരിപ്പിക്കുന്നു. ഈ അന്ധകാരത്തെ അകറ്റേണ്ട പ്രവൃത്തി മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ട് നാം നമ്മുടെമേൽ ഏറ്റിരിക്കുകയാണ്. ഇതിനെ നല്ലരീതിയിൽ നിർവഹിക്കേണ്ടതാണ്.

ഈ വെളിച്ചം വന്നതിനുശേഷവും ലോകം അന്ധകാരത്തിലേക്കോടുകയാണ്. അവർക്ക് മനസ്സിലാക്കിക്കൊടുക്കുക, രക്ഷപ്പെടാൻ ഇനിയും സമയമുണ്ടെന്നും രക്ഷപ്പെടാൻ പരിശ്രമിക്കുകയെന്നും. ഇല്ലെങ്കിൽ നാശഗർത്തത്തിൽ ആപതിക്കുമെന്നും അവരോടു പറയുക. ദുആയും ചെയ്യുക. ഒരുപാട് ദുആ ചെയ്യുക. മുസ്‌ലിം ഉമ്മത്തിനുവേണ്ടി, മുഴുലോകത്തുമുള്ള മുസ്‌ലിംകൾക്കുവേണ്ടി ദുആ ചെയ്യുക. അല്ലാഹു തആല ഇവർക്ക് ബുദ്ധിയും മനസ്സിലാക്കാനുള്ള കഴിവും നല്കുമാറാകട്ടെ. ഇന്ന് നമ്മുടെ മേലുള്ള വലിയൊരു ഉത്തരവാദിത്വമാണിത്. അതുകൊണ്ട് ഈ ദുആ ചെയ്യാനും പരിശ്രമിക്കുക. കുറച്ചു സുജൂദുകൾ മുസ്‌ലിം ഉമ്മത്തിനു വേണ്ടിയും ജമാഅത്തിനുവേണ്ടിയും വഖ്ഫ് ചെയ്യുക.

എന്റെ ദൃഷ്ടിയിൽ ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)ന്റെ പ്രബലമായൊരു ഉദ്ധരണിയുണ്ട്. പറയുന്നു: വീണ്ടും ഞാൻ പറയുന്നു. വേറൊരു ലയ്‌ലത്തുൽ ഖദ്ർ ഇസ്‌ലാം വിവരിച്ചിരിക്കുന്നു. ഈ ലയ്‌ലത്തുൽ ഖദ്ർ ബർക്കത്തിന്റെ അടിസ്ഥാനത്തിൽ എത്രമാത്രം വലുതാണെന്ന് പറഞ്ഞാൽ റമസാനിലെ ലയ്‌ലത്തുൽ ഖദ്‌റിന് അതിനോട് കിടപിടിക്കാൻ പറ്റുകയില്ല. ഈ ലയ്‌ലത്തുൽ ഖദ്‌റിനെ സംബന്ധിച്ച് നബി (സ) തിരുമേനി പറഞ്ഞു: '*ഇന്നല്ലാഹ യബ്‌അസു ലിഹാദിഹിൽ ഉമ്മത്തീ അല റഅ്സികുല്ലി മിഅത്തി സനത്തിൻ മൻയ്യുജദ്ദിദു ലഹാദീനഹാ*' ഈ ലയ്‌ലത്തുൽ ഖദ്ർ നൂറ്റാണ്ടിന്റെ തലയ്ക്കൽ വരുന്ന മുജദ്ദിദീംകളുടെ കാലത്തു വരുന്നു. ഇതിനെക്കാൾ വലിയൊരു ലയ്‌ലത്തുൽ ഖദ്‌റുണ്ട്. അത് പതിമൂന്നു നൂറ്റാണ്ടുകൾക്കുശേഷം വന്നു. അത് ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ കാലഘട്ടമാണ്. ഈ പതിമൂന്നാം നൂറ്റാണ്ടിൽ റമളാനിൽ വന്ന ലയ്‌ലത്തുൽ ഖദ്ർ, കഴിഞ്ഞ പതിനൊന്ന് നൂറ്റാണ്ടുകളിൽ മുജദ്ദിദീംകളുടെ കാലത്തിന്റെ രൂപത്തിൽ വന്ന ലയ്‌ലത്തുൽ ഖദ്‌റിനെക്കാൾ ശ്രേഷ്ഠമാണ്. അതുകൊണ്ട് വാഗ്ദത്ത മസീഹ് നിയോഗിക്കപ്പെട്ട ഇക്കാലം ഏറ്റവും വലിയ ലയ്‌ലത്തുൽ ഖദ്‌റാണ്. ഹസ്റത്ത് വാഗ്ദത്ത മസീഹിനെതിരിൽ, ഗസ്സാലിയേയും ബുഖാരിയേയും റാസിയേയും സമർപ്പിക്കുന്നവൻ വിവരമില്ലാത്തവനാണ്. അവിടത്തെ മഹത്വത്തെകുറിച്ച് അവർ അജ്ഞരാണ്. കാരണം, ആ ഒരു മുജദ്ദിദിനെക്കാൾ എന്നല്ല, 13 നൂറ്റാണ്ടുകളിൽ കഴിഞ്ഞുകടന്ന എല്ലാ മുജദ്ദിദീംകളെക്കാളും ശ്രേഷ്ഠനാണ്. അതുകൊണ്ടുതന്നെ അവിടത്തെ ലയ്‌ലത്തുൽ ഖദ്ർ മറ്റുള്ളവരുടെ ലയ്‌ലത്തുൽ ഖദ്‌റിനെക്കാൾ ഉന്നതമാണ്. കാരണം ഇദ്ദേഹത്തിന്റെ ലയ്‌ലത്തുൽ ഖദ്‌റിന്റെ കാലഘട്ടം നുബുവ്വത്താകുന്ന ലയ്‌ലത്തുൽ ഖദ്‌റിൽ നിന്നാരംഭിക്കുന്നു. ഇത് നബി (സ)യ്ക്കുശേഷം രണ്ടാമത്തെ ലയ്‌ലത്തുൽ ഖദ്‌റാണ്. ലയ്‌ലത്തുൽ ഖദ്ർ എന്താണ്? അതൊരു നബിയുടെ കാലമാണ്. ഒരു നബി വരുന്ന സമയമാണ്. നിങ്ങളതിനെ പ്രയോജനപ്പെടുത്തുക. ദൈവസാമീപ്യം പ്രാപിക്കുക. ഈ ലയ്‌ലത്തുൽ ഖദ്‌റിൽ അല്ലാഹുവിന്റെ ദൂതൻ ഒരു ബീജം കുഴിച്ചിടുന്നു. അതു പിന്നീട് മുളയ്ക്കുന്നു. വളരുന്നു. ഈ രാത്രിയെ സംബന്ധിച്ചാണ് അല്ലാഹു പറയുന്നത്, '*തനസ്സലുൽ മലാഇക്കത്തു വർറൂഹു*'. ഖുർആനിൽ ഹസ്റത്ത് ഈസാ(അ)യെ സംബന്ധിച്ച് റൂഹ് എന്ന് പറഞ്ഞിരിക്കുന്നുവെന്ന് പറയാറുണ്ട്. എന്നാൽ, അല്ലാ

ഹുവിന്റെ ഗ്രന്ഥത്തിൽ നിന്നും മുജദ്ദിദിനും റൂഹ് എന്നു പറഞ്ഞിട്ടുണ്ടെന്നാണ് ഞാൻ പറയുന്നത്. കാരണം അവർ ദൈവിക ഗ്രന്ഥത്തെ വഹിക്കുന്നവരാണ്. റൂഹ് എന്ന് പറയപ്പെടുന്ന ആ മുജദ്ദിദ് നിങ്ങളുടെ സന്മാർഗ്ഗത്തിനായി എഴുന്നേല്പിക്കപ്പെട്ടിരിക്കുന്നു. ഈ കാലം, ആ കാലമാണ്. ഇതിൽ മലക്കുകളും ഇറങ്ങി. ഈ രാത്രി സമാധാനത്തിന്റേയും ശാന്തിയുടെയും രാത്രിയാണ്. ഇതിൽ മലക്കുകളുടെ ഇറക്കം സുബ്ഹി വരെ തുടർന്നുകൊണ്ടിരിക്കുന്നു. പ്രഭാതം പുലരാൻ പോകുകയാണ്, സൂര്യൻ ഉദിച്ചുയരുന്നത് അടുത്തെത്തിയിരിക്കുന്നു. നിങ്ങളുടെ കൈയിൽ ഭരണം നല്കപ്പെടുന്ന ആ കാലം ഉദിച്ചുയരാൻ തുടങ്ങുകയാണ്. നിങ്ങൾ ജനങ്ങളുടെ മേൽ ഭരണാധികാരികളാകും. ജനങ്ങൾ നിങ്ങളുടെ പ്രജകളായിരിക്കും. നിങ്ങൾ ജനങ്ങളോടുള്ള കടമകൾ നിറവേറ്റുക. അവർ നിങ്ങളോട് അവരുടെ കടമകൾ നിറവേറ്റാൻ ആവശ്യപ്പെടുമ്പോൾ നിങ്ങൾ അവരുടെ ഭരണകർത്താക്കളായിരിക്കും. മർദ്ദിതരായിരിക്കുകയില്ല. എന്നാൽ, നിങ്ങൾക്കിപ്പോൾ കിട്ടുന്ന അനുഗ്രഹങ്ങൾ അന്നു കിട്ടുകയില്ല. (ഇന്നു മർദ്ദിതരായിരിക്കുമ്പോഴുണ്ടാകുന്ന അനുഗ്രഹങ്ങൾ ഭരണകർത്താക്കളായതിനുശേഷം നിങ്ങൾക്കു കിട്ടുകയില്ല) കാരണം ആ നാളുകൾ സംഘർഷഭരിതമായിരിക്കും. (അതായത് വീണ്ടും കുഴപ്പങ്ങൾ തലപൊക്കി തുടങ്ങാം) അതിൽ നിന്ന് രക്ഷപ്പെടാൻ ഒരു മാർഗ്ഗമെയുള്ളു. പ്രഭാതം പുലരുന്നതിനുമുമ്പേ ജാഗരൂകരാകുക. പ്രഭാതം പുലരാൻ പോകുകയാണ്. നിങ്ങൾ അതിനെ പ്രയോജനപ്പെടുത്തുക. സ്വയം ആത്മീയമായ സംസ്കരണം നടത്തുക. അല്ലാഹു നിങ്ങൾക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

---

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**PHONE : 98465 02288**

**JUMUA KHUTHBA**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 29- 10- 2004 at**
**Baithul Futuh**
**London.**

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്